**അർഥേ ഹ്യവിദ്യമാനേƒപി സംസൃതിർന്ന നിവർത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേƒനർത്ഥാഗമോ യഥാ (3-27-4)
മദ് ഭക്ത: പ്രതിബുദ്ധാർത്ഥോ മത് പ്രസാദേന ഭൂയസാ
നി:ശ്രേയസം സ്വസംസ്ഥാനം കൈവല്യാഖ്യം മദാശ്രയം (3-27-28)
പ്രാപ്നോതീഹാഞ്ജസാ ധീര: സ്വദൃശാച്ഛിന്നസംശയ:
യദ്ഗത്വാ ന നിവർത്തേത യോഗീ ലിംഗാദ്വിനിർഗ്ഗമേ (3-27-29)**

കപിലദേവൻ തുടർന്നു:
അന്തൃരാമിയായ ആത്മാവ് ശരീരത്തിലാണു നിവസിക്കുന്നതെങ്കിലും ശരീരത്തിൻെറ അനുഭവങ്ങളായ സുഖവും വേദനയുമൊന്നും അതിനെ ബാധിക്കുന്നില്ല. അത് തികച്ചും സ്വതന്ത്രമായ ഒരു സാക്ഷി മാത്രമാണ്. എങ്കിലും പ്രകൃതിജന്യഗുണങ്ങളുടെ മായാവലയത്തിൽപ്പെട്ട് ജീവാത്മാവിന് സ്വയം താനാണ് കർത്താവെന്നും ഭോക്താവെന്നുമുള്ള തോന്നലുകളുണ്ടാവുകയും മന:ശാന്തി നഷ്ടപ്പെടു കയും ചെയ്യുന്നു. ഈ വിഭ്രാന്തിമൂലം സ്വയമാർജ്ജിച്ച അജ്ഞാനാവരാണത്താൽ ജീവൻ ജനനമരണചക്രത്തിൽ ചംക്രമണം തുടർന്നു കെണ്ടേയിരിക്കുന്നു. വസ്തുവകകൾ (സാധനങ്ങൾ) അതേപ്പറ്റി ചിന്തിക്കുന്നയാളുടെ ഭാവനയിലാണു സ്ഥിതി ചെയ്യുന്നത്. എങ്കിലും, വസ്തുക്കളിൽ ആസക്തിപൂണ്ടുകഴിയുന്ന ഒരാൾക്ക് ജനനമരണങ്ങളിൽ നിന്നും മോചനമില്ല. സ്വപ്നത്തിൽ നടന്ന (നടക്കാത്ത) കാര്യങ്ങൾ പോലും ഒരുവന് വൈഷമ്യമോ, സന്തോഷമോ ഉണ്ടാക്കുമല്ലോ.

അതുകൊണ്ട് ഭക്തിയോഗസാധനയിലൂടെ മനസ്സിനെ ക്രമത്തിൽ അടക്കി നിർത്താൻ ശ്രമിക്കണം. യമ (അഹിംസ തുടങ്ങിയവ), എന്നെപ്പററിയുള്ള കഥകൾ കേൾക്കാനുള്ള താത്പര്യം, സമാനദൃഷ്ടി, ആകർഷണത്തിൽനിന്നും വികർഷണത്തിൽനിന്നും വിടുതൽ, വെറുപ്പിൽനിന്നും മോചനം, മൗനം, അനാസക്തി, ഭഗവൽപ്രേമത്തോടെ സ്വധർമ്മം ഭഗവാനിലർപ്പിച്ചു ചെയ്യാനുള്ള മനസ്സ്, ഏതിലും തൃപ്തി, ഭക്ഷണത്തിൽ മിതത്വം, ഏകാന്തതയോടുള്ള താത്പര്യം, പ്രശാന്തത, സൗഹൃദഭാവം, കരുണ, ആത്മനിയന്ത്രണം, ആത്മാവും ശരീരവും (ഊർജ്ജവും ദ്രവ്യവും) തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കി ശരീരാസക്തിയിൽനിന്നും വിട്ട് എല്ലാത്തിലും ഈശ്വരദർശനം എന്നീ ഗുണഗണങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഭക്തൻ ഭൗതികവസ്തുക്കളിൽ ആസക്തനാവുകയില്ല. ഇപ്രകാരം ബുദ്ധിയെ ശുദ്ധീകരിക്കുന്ന ഭക്തനിൽ ആത്മസാക്ഷാത്ക്കാരത്തിനുള്ള എല്ലാ യോഗ്യതകളും തികഞ്ഞിരിക്കുന്നു. കുടത്തിൽ പ്രതിബിംബിക്കുന്ന സൂര്യപ്രകാശം ചുവരിൽ പ്രതിഫലിക്കുന്ന പ്രകാശത്തിൻെറ തിളക്കത്തിലൂടെ പ്രകടമാകുന്നതുപോലെ, അഹങ്കാരം നീങ്ങിയ ആത്മപ്രകാശം മനസ്സിൻേറയും ഇന്ദ്രിയങ്ങളുടേയും പ്രവർത്തനങ്ങളിലൂടെ പ്രകടമാവുന്നു."

ദേവഹൂതി ചോദിച്ചു: "പ്രകൃതിയാൽ ആത്മാവ് വിഭ്രാന്തിയിൽ ആണ്ടുപോവുന്നല്ലോ. പിന്നീട് ആത്മബോധം വീണ്ടുകിട്ടിയാൽത്തന്നെയും വീണ്ടും ആ വിഭ്രാന്തിയിലേക്ക് വഴുതിവീഴാൻ സാധ്യതയുണ്ടല്ലോ. എങ്ങിനെയാണ് ആ സാദ്ധ്യതയുടെ മൂലകാരണവുംകൂടി കളയുവാൻ സാധിക്കുന്നത്?"

കപിലദേവൻ പറഞ്ഞു: "ഒരുവൻ ജന്മജന്മാന്തരങ്ങളായി ദിനരാത്രേന എന്നിൽ ഭക്തിയുള്ളവനായി കഴിയുമ്പോൾ ലൗകീകസുഖങ്ങളിൽ ആസക്തി ഇല്ലാത്തവനായിത്തീരുകയും സ്വർഗ്ഗലാഭമോ അതിഭൗതികസിദ്ധിയോ അവനെ ആകർഷിക്കാൻ പര്യാപ്തമല്ലാതാവുകയും ചെയ്യും. പേടിസ്വപ്നങ്ങളാൽ വിഭ്രാന്തനായ ഒരുവൻ ഉറക്കമുണരുന്നതോടെ എല്ലാ ഭയവും അവസാനിക്കുന്നതുപോലെയത്രേ അത്. എൻെറ അനുഗ്രഹംകൊണ്ട് അവൻ ആത്മാവിനെ കണ്ടെത്തുന്നു. അവൻെറ സംശയങ്ങൾ ആത്മദർശനത്തോടെ ഇല്ലാതാവുന്നു. കൈവല്യമുക്തി എന്ന അവസ്ഥയിൽ സർവ്വസ്വതന്ത്രനായി അവൻ വർത്തിക്കുന്നു."